# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**31.12.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.12.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014–15 സാമ്പത്തിക വർഷം ഇതുവരെ ആകെ 1924.27കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 1110.28 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 30.47 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവ് ശതമാനം 30.72 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 248.14 കോടി രൂപയും (49.34ശതമാനം, മുൻവർഷം 57.30ആയിരുന്നു), ജില്ലാ പഞ്ചായത്തുകൾ 300.48കോടി രൂപയും (26.47. ശതമാനം) (മുൻവർഷം 25.4 ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 159.22 കോടി രൂപയും ( 25 ശതമാനം, മുൻ വർഷം 23.52 ശതമാനം), കോർപ്പറേഷനുകൾ 106.16കോടി രൂപയും (30.07ശതമാനം, മുൻ വർഷം 19ശതമാനം) ആണ് ചെലവഴിച്ചത്.

**2.2.**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്പിൽഓവർ പദ്ധതി ബില്ലുകൾ 2015 ഫെബ്രുവരി 28നകം സമർപ്പിച്ച് പാസാക്കി എടുക്കേണ്ടതാണ്. 28.2.2015നു ശേഷമുള്ള ബില്ലുകൾ മാറ്റി നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.3** പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവന പദ്ധതികൾക്കുള്ള ധനസഹായം പ്രസ്തുത വകുപ്പ് 3 ലക്ഷമായി ഉയർത്തിയ സാഹചര്യത്തിൽ ഐ.എ.വൈ. ഭവന പദ്ധതിയിൽ എസ്.സി. വിഭാഗങ്ങളായ ഗുണഭോക്താക്കൾ താൽപര്യം കാണിക്കുന്നില്ല എന്ന വിവരം കമ്മിറ്റി ചർച്ച ചെയ്തു. ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി അനുസരിച്ചുള്ള ധനസഹായം 3 ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ അധികമായി നൽകേണ്ട 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പ് നൽകേണ്ടതാണെന്നും നിർദ്ദേശിച്ച് കാബിനറ്റിനു മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**2.4** കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ഭവനങ്ങൾ കേന്ദ്രീകരിച്ച് സർവേകൾ നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നൽകുന്ന ആവശ്യത്തിലേയ്ക്ക് 2 ലക്ഷം രൂപവരെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. ഇതിന്റെ നോഡൽ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 അരുവാപ്പുലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 96475 /ഡി.എ3/14/തസ്വഭവ)

വനഭൂമിയിൽക്കൂടി 11 കെ.വി. ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. വനം വകുപ്പിന് അടയ്ക്കേണ്ട തുക, പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും നൽകണമെന്ന ആവശ്യം അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കാഞ്ഞിരപ്പള്ളി പട്ടികജാതി വികസന ആഫീസറുടെ കത്ത് (ഫയൽ നം. 78971 /ഡി.എ1/14/തസ്വഭവ)

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പഠന സഹായം നൽകുന്നത് ഇരട്ടിപ്പ് വരാത്തവിധം മാർഗരേഖ പ്രകാരം നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 74065/എഫ്.എം.2 /14/തസ്വഭവ)

സബ്ട്രഷറി കെട്ടിട വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 കുടുംബശ്രീ ഡയറക്ടറുടെ കത്ത് (ഫയൽ നം. 71568//ഐ.എ1/14/തസ്വഭവ)

ടെണ്ടർ നടപടി കൂടാതെ സൗരോർജ്ജ സംവിധാനം സർക്കാർ ആഫീസുകളിൽ സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിൽ സാങ്കേതിക റിപ്പോർട്ട് ലഭ്യമാക്കി വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 എറണാകുളം ജില്ലാ പഞ്ചായത്ത് ഫയൽ നം.75285/ഡി.ഡി.3/14/തസ്വഭവ

2014-15 വർഷത്തെ പ്രത്യേക ഘടക പദ്ധതിയിൽ ഹൈസ്ക്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് എസ്.സി. വിഭാഗത്തിൽ ബാക്കിയുള്ള തുക എസ്.റ്റി വിഭാഗം കുട്ടികൾക്ക് സൈക്കിൾ വിതരണത്തിനായി ചെലവാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.6 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത് ഫയൽ നം.82179/ഡി.എ1/14/തസ്വഭവ

തദ്ദേശ ഭരണ വകുപ്പിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ വിവിധ പ്രവർത്തനങ്ങളുടെ സാമ്പത്തിക പരിധി പുനഃക്രമീകരിക്കണമെന്നുംപി.ഡബ്ല്യു.ഡി. വകുപ്പിൽ അനുവർത്തിച്ചു വരുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതും ടെണ്ടർ/എഗ്രിമെന്റ് ചെയ്യുന്നതും സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുന്നമംഗലം ഗ്രാമപഞ്ചായത്ത്**

2014–15 വാർഷിക പദ്ധതിയായ മാതൃക സൗരോർജ്ജ ഗ്രാമപഞ്ചായത്ത് പദ്ധതിക്ക് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT), ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ (TBI) എന്നിവയുടെ സാങ്കേതിക മേൽനോട്ടത്തിൽ ടെണ്ടർ നടപടിയിലൂടെ നടപ്പാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തൃശൂർ ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന അംഗപരിമിതർക്ക് മോട്ടോർ ഘടിപ്പിച്ച വാഹനം നൽകുന്ന പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

അംഗപരിമിതർക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെൽട്രോൺ, ആർട്ടിഫിഷ്യൽ ലിമ്പ് മാനുഫാക്ടറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദ്രാബാദ് ) എന്നിവിടങ്ങളിൽ നിന്ന് മാത്രമേ വാങ്ങാൻ പാടുള്ളുവെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 മാണിക്കൽ ഗ്രാമപഞ്ചായത്ത്**

2014–15 ൽ നടപ്പിലാക്കുന്ന അടിസ്ഥാന വിവര ശേഖരണം എന്ന പദ്ധതിക്ക് തനത് ഫണ്ട് വിനിയോഗിക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മാണിക്കൽ ഗ്രാമപഞ്ചായത്ത്**

2014–15 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഡോക്യുമെന്റേഷൻ ആന്റ് ഡിജിറ്റലൈസേഷൻ എന്ന പദ്ധതി സർക്കാർ ഏജൻസി വഴി നടപ്പിലാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം 9 മണിക്ക് അവസാനിച്ചു.)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 ജനുവരി 14 ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

********